**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 900** **29-08-2022 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി പഞ്ചായത്തിലെ പട്ടികജാതി സർവ്വീസ് സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ (ക്ലിപ്തം നം. ആർ. 724) പരിധിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വ്യക്തമാക്കാമോ; | (എ) | 1983 - ൽ പ്രവർത്തനമാരംഭിച്ച വാടാനപ്പള്ളി പട്ടികജാതി സഹകരണസംഘം (ക്ലിപ്തം) നം. ആർ. 724 ടെയിലറിംഗ് യൂണിറ്റും, ഹോളോ ബ്രിക്സ് യൂണിറ്റും നടത്തി വന്നിരുന്നു. എന്നാൽ വർഷങ്ങളായി സംഘത്തിന്റെ വ്യാപാര പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. സംഘത്തിന്റെ ഭരണസമിതിയുടെ കാലാവധി 16/07/2022-ൽ അവസാനിച്ചതിനെത്തുടർന്നുണ്ടായിട്ടുള്ള ഭരണസ്തംഭനം പരിഹരിക്കുന്നതിന് 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പട്ടികജാതി സർവ്വീസ് സഹകരണ സംഘം വഴി പുതിയ പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ; | (ബി) | പദ്ധതി ധനസഹായങ്ങൾക്കായി ടി സംഘം നിലവിൽ അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല. പദ്ധതി ധനസഹായം ലഭിക്കുന്നതിന് സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയും, പെയ്ഡ് സെക്രട്ടറിയും, തൊട്ടു മുൻവർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റും ആവശ്യമാണ്. സംഘത്തിൽ സേവനമനുഷ്ഠിച്ചിരുന്ന പെയ്ഡ് സെക്രട്ടറി 2004-ൽ രാജി വച്ചതിനു ശേഷം 02/08/2021 മുതലാണ് സംഘത്തിൽ പെയ്ഡ് സെക്രട്ടറിയെ നിയമിച്ചിട്ടുള്ളത്. സംഘത്തിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയില്ല. 2013-14 വർഷത്തിനു ശേഷമുള്ള സംഘത്തിന്റെ ആഡിറ്റ് പൂർത്തിയാകാനുണ്ട്. ആഡിറ്റ് പൂർത്തിയാക്കുന്നതിലേയ്ക്ക് കണക്കുകൾ എഴുതിത്തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘം നടത്തിവരുന്നു. സംഘത്തിൽ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുകയും, ആഡിറ്റ് കാലാനുസൃതമായി പൂർത്തിയാക്കുകയും ചെയ്ത ശേഷം സംഘം പദ്ധതി ധനസഹായങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം |

| | | | |
|---|---|---|---|
| | | | സംഘത്തിനനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത സംഘത്തിന്റെ കെട്ടിടം ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 1995 -ൽ നിർമ്മിച്ച പ്രസ്തുത സംഘത്തിന്റെ ആഫീസ് കെട്ടിടം പൊട്ടിപ്പൊളിഞ്ഞും ചോർച്ചമൂലവും ശോച്യാവസ്ഥയിലാണ് . |
| (ഡി) | ആറ് സെന്റ് സ്ഥലം സ്വന്തമായുള്ള പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിടം പണിയ്ക്കാവശ്യമായ സഹായം നൽകാനാകുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് പരിപാലിക്കുന്നതിന് 5 ലക്ഷം രൂപ വരെ ഗ്രാന്റ് ഇനത്തിൽ അനുവദിക്കുന്ന പദ്ധതി സ്കീം നിലവിലുണ്ട്. പദ്ധതി ധനസഹായം ലഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും പെയ്ഡ് സെക്രട്ടറിയും കാലാനുസൃതമായ ആഡിറ്റ് സർട്ടിഫിക്കറ്റും അനിവാര്യമാണ്. സംഘത്തിൽ പെയ്ഡ് സെക്രട്ടറി ഉണ്ടെങ്കിലും ആഡിറ്റ് കാലാനുസൃതമാക്കിയതിനുശേഷവും പുതിയ ഭരണസമിതി നിലവിൽ വന്നതിനുശേഷവും മാത്രമേ കെട്ടിട മെയിന്റനൻസ് ധനസഹായത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ